# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

ECHO OF HIS CALL REACHING NATIONS SINCE 1969

1969 TO 2029

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2025 DECEMBER | No. 02


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

യെശയ്യാവ് 9:2 – 6

02. ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.

03. നീ വർദ്ധിപ്പിച്ചിട്ടില്ലാത്ത ജാതിയെ വർദ്ധിപ്പിക്കുന്നു; അവർ നിന്റെ സന്നിധിയിൽ സന്തോഷിക്കുന്ന സന്തോഷം കൊയ്ത്തുകാലത്തെ സന്തോഷംപോലെയും കൊള്ളപങ്കിടുമ്പോൾ ആനന്ദിക്കുന്നതുപോലെയും ആകുന്നു.

04. അവൻ ചുമക്കുന്ന നുകവും അവന്റെ ചുമലിലെ കോലും അവനെ ദണ്ഡിപ്പി ക്കുന്നവന്റെ വടിയും മിദ്യാന്റെ നാളിലെപ്പോലെ നീ ഒടിച്ചുകളഞ്ഞിരിക്കുന്നു.

05. ഒച്ചയോടെ ചവിട്ടി നടക്കുന്ന യോദ്ധാവിന്റെ ചെരിപ്പൊക്കെയും രക്തം പിരണ്ട വസ്ത്രവും വിറകുപോലെ തീക്കു ഇരയായിത്തീരും.

06. നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും.

# യഥാർത്ഥ വെളിച്ചമായ യേശുക്രിസ്തു നിന്റെ അന്ധകാരം മാറ്റിത്തരും!

*സിസ്റ്റർ ഏഞ്ചൽ*

**THE TRUE LIGHT JESUS CHRIST WILL REMOVE YOUR DARKNESS!**



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ വിളിയുടെ പ്രതിധ്വനിയുടെ എല്ലാ കുടുംബാംഗങ്ങൾക്കും ക്രിസ്തുമസ് ആശംസകൾ!

യേശുക്രിസ്തു യഥാർത്ഥത്തിൽ ഡിസംബർ 25 നു തന്നെയാണോ എന്നും നാം ക്രിസ്തുമസ് ആഘോഷിക്കണോ വേണ്ടയോ എന്നും പലരും ചർച്ചചെയ്യുന്നുണ്ട്. എന്നാൽ, അത് നമ്മുടെ ശ്രദ്ധാകേന്ദ്രമാകാൻ പാടില്ല. ദൈവം ഈ ലോകത്തിലേക്ക് ഒരു കുഞ്ഞായി വന്നു എന്നത് നിഷേധിക്കാനാവാത്ത സത്യം ആണ്. നമ്മുടെ പാപപരിഹാരമായി മരിക്കാൻ വിധിക്കപ്പെട്ടവൻ! യേശുക്രിസ്തു ഈ ആഘോഷകാലഘട്ടത്തിന്റെ കാരണക്കാരനാണെന്ന് നമുക്ക് പ്രഖ്യാപിക്കാനുള്ള അവസരമായി ഈ കാലഘട്ടത്തെ ഉപയോഗിക്കാം.

ക്രിസ്തുമസ് ഷോപ്പിംഗ്, അലങ്കാരങ്ങൾ, ഉത്സവ പാരമ്പര്യങ്ങൾ എന്നിവയെക്കുറിച്ചല്ല, യേശുക്രിസ്തുവിന്റെ ജനനത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിനും പങ്കിടുന്നതിനുമാണ് ഇത്:

3-ാം പേജിൽ തുടരും...




**Echo of His Call**

**Christian YouTube Channel!**

**An opportunity to pray with Pr. S. Sam Selva Raj!**

**Message & Prayer in 5 minutes!!**

**English, Hindi, Tamil & Telugu**

Every day – From 2.00 A.M.

**Tamil Sunday Service – 8.30 A.M.**

* Please Subscribe and Share *

ECHO OF HIS CALL REACHING NATIONS SINCE 1969

# ECHO OF HIS CALL - (Marching towards 60th year)
Estd. 1969



## *from your dearly beloved brother...*

എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു (ഗലാത്യർ 4:4)





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
ADMINISTRATION
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858 95661 31858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

കർത്താവിൽ പ്രീയരേ,

ദൈവകൃപയാൽ ഈ വർഷത്തിന്റെ അവസാന മാസത്തിലേക്കു നാം കടന്നിരിക്കുന്നു. ശുശ്രൂഷയിൽ നമ്മെ നിരന്തരം കാത്തു സൂക്ഷിക്കുകയും നയിക്കുകയും ശക്തി പ്പെടുത്തുകയും ചെയ്തിട്ടുള്ള കർത്താവ് നല്ലവനും നമ്മുടെ എല്ലാ സ്തുതികൾക്കും യോഗ്യനുമാണ്.

സഭാനേതാക്കൾ, വിളിയുടെ പ്രതിധ്വനി സ്റ്റാഫ്, നെഹെമ്യ ബൈബിൾ കോളേജുകളുടെ ഫാക്കൽറ്റി, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, പ്രിന്റിംഗ് പ്രസ്സ് ടീം എന്നിവർ പുതിയ വർഷത്തെ ശുശ്രൂഷകളുടെ വികസനത്തിനായി പ്രാർത്ഥനാപൂർവ്വം ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു.



മുഖ്യസഭയിലെ യുവജന ശുശ്രൂഷയുടെ നേതാക്കൾ

സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ പഠിക്കുന്ന നിരവധി കുട്ടികൾ ശാരീരിക വെല്ലുവിളികളും മറ്റു പ്രയാസങ്ങളും നേരിടുന്നു. അവരുടെ പശ്ചാത്തലം അറിയുന്നത് പലപ്പോഴും ഹൃദയഭേദകമാണ്. എന്നാലും അനുകമ്പയോടും പ്രതിബദ്ധതയോടുംകൂടി അദ്ധ്യാപകർ അവരെ സമർപ്പണത്തോടെ വളർത്തുകയും പഠിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു.



*Speech by Sister Dr. Renuka on Children's Day at our St. Paul's Matriculation School*

ഞങ്ങളുടെ സഭാപ്രവർത്തകർ ആത്മാർത്ഥമായ ഭക്തിയോടും വിശ്വസ്തയോടും കർത്താവിനെ സേവിക്കുന്നു. പ്രത്യേകിച്ച് ഞങ്ങ ളുടെ വനിതാ പ്രാർത്ഥനാ സംഘം, പുരുഷന്മാരുടെ പ്രാർത്ഥനാ

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) YouTube Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

സംഘം, രാത്രി പ്രാർത്ഥനാ സംഘം, ഉപവാസ പ്രാർത്ഥനാ സംഘം, സണ്ടേസ്കൂൾ അദ്ധ്യാപക സംഘം, യുട്യൂബ് ശുശ്രൂഷാ സംഘം, അഡ്മിനിസ്ട്രേറ്റീവ് ജീവനക്കാർ എന്നിവർ രാജ്യത്തിന്റെ പുനരുജ്ജീവനത്തിനും ശുശ്രൂഷയുടെ വിപുലീകരണത്തിനും വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ ഞങ്ങളോടൊപ്പം ചേരാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.



ഉപവാസ പ്രാർത്ഥനാ സംഘം

ഈ മാസം മുഴുവനും സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ എത്തിക്കുവാനും അവരെ ദൈവീക ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുവാനും ഞങ്ങൾ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി നിങ്ങളുടെ തീക്ഷ്ണമായ പ്രാർത്ഥന ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

2025-ാം വർഷത്തിലെ നിങ്ങളുടെ പ്രാർത്ഥനകൾക്കും, പ്രതിമാസ സാമ്പത്തിക പിന്തുണയ്ക്കും, ഉദാരമായ പ്രത്യേക വഴിപാടുകൾക്കും ഞങ്ങൾ അഗാധമായി നന്ദിയുള്ളവരാണ്. ശുശ്രൂഷയിലെ നിങ്ങളുടെ പങ്കാളിത്തം വലിയ അനുഗ്രഹമാണ്. വരും ദിവസങ്ങളിലും നിങ്ങളുടെ തുടർച്ചയായ പ്രാർത്ഥനയും ഉറച്ച പിന്തുണയും ഞങ്ങൾ ആഗ്രഹിക്കുന്നു.

ഈ സന്തോഷകരമായ കാലഘട്ടം ആഘോഷിക്കുമ്പോൾ, നിങ്ങൾക്കെല്ലാവർക്കും 2026-ലെ ക്രിസ്തുമസ് ആശംസകളും അനുഗ്രഹീതമായ പുതുവത്സരവും ആശംസിക്കുന്നു!

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ.

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*
***പാസ്റ്റർ. എസ്. സാം സെൽവരാജ്***
ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

**ജാതികൾക്കു വെളിപ്പെടുവാനുള്ള പ്രകാശവും...** (ലോകം മുഴുവൻ) ലൂക്കൊസ് 4:30. യേശുക്രിസ്തു തന്നെ ഇങ്ങനെ പ്രഖ്യാപിച്ചു:

**ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നു** - യോഹന്നാൻ 9:5. അതുകൊണ്ട് ഈ മഹാവെളിച്ചത്തിന്റെ ഉത്സവമാണ് ക്രിസ്തുമസ്.

വേദപുസ്തകം ഈ വെളിച്ചത്തെക്കുറിച്ച് എന്താണ് പറയുന്നതെന്ന് നമുക്കു നോക്കാം.

**ഭൂമിയും പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു; ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു** - ഉല്പത്തി 1:2. ഭൂമി പാഴായും ശൂന്യമായും ഇരുന്ന ആദിയിൽ പോലും ഇരുട്ട് ഭൂമിയെ മൂടിയിരുന്നു. എന്നിട്ടും ദൈവാത്മാവ് സ്പർശിക്കപ്പെടാതെ അചഞ്ചലനായി അതിനു മുകളിലൂടെ സഞ്ചരിച്ചു.

**വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല** - യോഹന്നാൻ 1:5.

മറ്റു വിവർത്തനങ്ങൾ മനോഹരമായി അത് പ്രകടിപ്പിക്കുന്നു:

ഇരുട്ടിനു ഒരിക്കലും അതിനെ കെടുത്താൻ കഴിയില്ല.

ഇരുട്ട് അതിനെ മനസ്സിലാക്കിയില്ല.

ഇരുട്ട് അതിനെ മനസ്സിലാക്കുകയോ കീഴടക്കുകയോ ചെയ്തില്ല.



***വെളിച്ചത്തിൽനിന്നും അകലുന്ന ഇരുട്ട്***

വെളിച്ചം എവിടെ പ്രത്യക്ഷപ്പെട്ടാലും ഇരുട്ട് അപ്രത്യക്ഷമാകുന്നു. രണ്ടും തമ്മിൽ ഒരു പോരാട്ടവുമില്ല - വെളിച്ചം എപ്പോഴും വിജയിക്കുന്നു.

### *1. പാപത്തിലൂടെ വെളിച്ചം പ്രകാശിക്കുന്നു!*

പാപം മനുഷ്യവർഗ്ഗത്തെ ദൈവത്തിൽ നിന്നും അകറ്റി. എല്ലാവരും അവന്റെ മഹത്വത്തിൽനിന്നും അകന്നുപോയിരിക്കുന്നു. ദൈവവും മനുഷ്യനുമായുള്ള കൂട്ടായ്മ എന്ന സൃഷ്ടിയുടെ ലക്ഷ്യം ഏദൻ തോട്ടത്തിൽ തകർന്നു, ദൈവവും മനുഷ്യനുമായി ഒരു വലിയ വിടവ് ഉണ്ടായി.

ഒരു മൃഗബലിയ്ക്കും നമ്മുടെ പാപത്തിന് യഥാർത്ഥത്തിലുള്ള പ്രായശ്ചിത്തം ആകുവാൻ കഴിയുകയില്ല. ദൈവത്തിന്റെ നിഷ്കളങ്കവും കുറ്റമറ്റതുമായ കുഞ്ഞാടായ യേശുക്രിസ്തുവിന്റെ വരവിനും ത്യാഗത്തിനും മാത്രമേ നമ്മെ പിതാവുമായി അനുരഞ്ജിപ്പിക്കാൻ കഴിയൂ.

പാപം മൂലം ദൈവവും മനുഷ്യനും തമ്മിലുള്ള തകർന്ന ബന്ധം നന്നാക്കുവാനും ദൈവവുമായി നമ്മെ ഒന്നിപ്പിക്കുവാനുംവേണ്ടിയാണ് യേശു ഈ ലോകത്തിലേക്കു വന്നത്. അവന്റെ വിലയേറിയ രക്തത്താൽ ഇപ്പോൾ നമുക്ക് ഭയമോ മടിയോ കൂടാതെ ദൈവസന്നിധിയിൽ കടന്നുവരുവാനുള്ള ശ്രേഷ്ഠമായ പദവിയുണ്ട്.





## വളരെ അടിയന്തരമായ അറിയിപ്പ്!

**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org



*ദൈവവെളിച്ചം നമുക്ക് ആവശ്യമാണ്*

തെറ്റായ ആശയങ്ങളിലൂടെയും ലൗകികമായ വ്യതിചലനങ്ങളിലൂടെയും സാത്താൻ പലരുടെയും മനസ്സിനെ അന്ധമാക്കിയിട്ടുണ്ട്. ഈ ആത്മീയ അന്ധകാരത്തിൽനിന്ന് മുക്തി നേടാൻ നമുക്ക് ദൈവത്തിന്റെ വെളിച്ചം ആവശ്യമാണ്. ലോകം സാധാരണ എന്നു വിളിക്കുന്ന പല കാര്യങ്ങളും ദൈവത്തിന്റെ സത്യത്തിന്റെ നേരെ വിപരീതമാണ്.

കർത്താവ് തന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിൽ പ്രകാശിപ്പിക്കട്ടെ, നമുക്കും ദൈവത്തിനും ഇടയിൽ നിൽക്കുന്ന എന്തും തുറന്നുകാട്ടട്ടെ, അങ്ങനെ നമുക്കു പുനഃസ്ഥാപിക്കപ്പെട്ട കൂട്ടായ്മയിൽ നടക്കാം.

## 2. ഇരുട്ടിൽ വെളിച്ചം പ്രകാശിക്കുന്നു!

എവിടെ നോക്കിയാലും നമുക്ക് ഇരുട്ടിന്റെ പ്രവൃത്തികൾ കാണാം-യുദ്ധങ്ങൾ, ദാരിദ്ര്യം, അഴിമതി, കുറ്റകൃത്യം, വിദ്വേഷം, ധാർമ്മിക അപചയം. ഇതിനാൽ യുവാക്കൾ നിരാശരാണ്, ചിലർ ജീവിതം അവസാനിപ്പിക്കുന്നു. സമൂഹം പാപപ്രവൃത്തികളെ മഹത്വീകരിക്കുകയും നീതിയെ പരിഹസിക്കുകയുംചെയ്യുന്നു. ലോകം അനുദിനം ഇരുണ്ടുകൊണ്ടിരിക്കുന്നതായി നമുക്കു തോന്നുന്നു.

“ഞങ്ങളുടെ കാലത്ത് കാര്യങ്ങൾ വ്യത്യസ്തമായിരുന്നു” എന്ന് ആളുകൾ പറയുന്നത് പലപ്പോഴും നാം കേൾക്കാറുണ്ട്. വിദ്യാഭ്യാസം, സാങ്കേതികവിദ്യ, ജിജ്ഞാസ, ഇവയെല്ലാം നിരവധി വാതിലുകൾ തുറന്നിട്ടിരിക്കുന്നു എങ്കിലും എല്ലാം ദൈവത്തിൽ നിന്നുള്ളവയല്ല.

ഈ അവസാന നാളുകളെക്കുറിച്ച് വേദപുസ്തകം നമുക്ക് മുന്നറിയിപ്പ് നൽകുന്നു:

**അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക**-2 തിമൊഥെയോസ് 3:1-5.

ഈ ധാർമ്മിക തകർച്ചയെക്കുറിച്ച് വിവരിച്ചതിനുശേഷം പൗലൊസ് അങ്ങനെയുള്ളവരെ വിട്ടൊഴിയുക എന്നും കൂട്ടിച്ചേർക്കുന്നു.

ലോകം ഇരുണ്ടുപോകുമ്പോഴും ദൈവമഹത്വത്തിനായി നിങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കണം.



*ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു*

**ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാ** i wDZn p- മത്തായി 4:15.

ഈ ക്രിസ്തുമസ് കാലത്തിൽ, ഈ ലോകത്തിലെ മാത്രമല്ല, നമ്മുടെ കുടുംബങ്ങളിലും വ്യക്തിജീവിതങ്ങളിലും ജോലിസ്ഥലങ്ങളിലും ദൈവം എല്ലാ അന്ധകാരങ്ങളിലും പ്രകാശിക്കണമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നമ്മുടെ ഭവനങ്ങളിലും, കുട്ടികളിലും, വിവാഹത്തിലും, വിദ്യാഭ്യാസങ്ങളിലും, ആരോഗ്യത്തിലും, സാമ്പത്തിക കാര്യങ്ങളിലുമെല്ലാം ദൈവം നമ്മുടെ ലോകത്തിന്റെ വെളിച്ചമാണെന്ന് അവൻ പ്രഖ്യാപിക്കട്ടെ.

ഡോക്ടർമാർ, ബന്ധുക്കൾ, നേതാക്കൾ, അധികാരികൾ എന്നിവർ നമുക്കെതിരെ പറയുന്ന ഓരോ നിഷേധാത്മകമായ വാക്കും ദൈവത്തിന്റെ വെളിച്ചത്താൽ തകർക്കപ്പെടട്ടെ!

യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടും വ്യക്തതയോടുംകൂടെ നമുക്ക് പുതുവത്സരത്തിൽ പ്രവേശിക്കാം.

**നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും** - സങ്കീർത്തനങ്ങൾ 18:28.

## 3. ഭയത്തിലൂടെ വെളിച്ചം പ്രകാശിക്കുന്നു!

ക്രിസ്തു ജനിച്ച സദ്വാർത്ത ആട്ടിടയന്മാരെ അറിയിച്ചപ്പോൾ അവർ ഭയപരവശരായി.

**അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ അവരുടെ അരികെ നിന്നു, കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി, അവർ ഭയപരവശരായിതീർന്നു. ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു** - ലൂക്കൊസ് 2:9,10.

സ്വർഗ്ഗീയ പ്രകാശം പരന്നപ്പോൾ അവർക്കുണ്ടായ ഭയം സങ്കല്പിച്ചുനോക്കുവിൻ!

ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ടപ്പോൾ മറിയയും ഭയപ്പെട്ടു:



*മറിയയേ, ഭയപ്പെടേണ്ട*

**അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു... ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ട, നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു** - ലൂക്കൊസ് 1:29,30.

ഭയം ഒരു യാഥാർത്ഥ്യമാണ് - എന്നാൽ രക്ഷകനായ യേശുക്രിസ്തുവിന്റെ വെളിച്ചം പ്രകാശിക്കുമ്പോൾ നമ്മളിലുള്ള ഭയം ഓടിപ്പോകണം.

ദൈവത്തിന്റെ ദൃഷ്ടിയിൽ നാം അമൂല്യരാണ്. നമുക്ക് നമ്മുടെ എല്ലാ ഭയവും മാറ്റിവയ്ക്കുകയും മറിയയെപ്പോലെ പ്രതികരിക്കുകയും ചെയ്യാം:

6-ാം പേജിൽ തുടരും...

# പരമനിയോഗ ദൗത്യ പങ്കാളികൾ

പങ്കിടൽ (ഗലാത്യർ 6:2), സഹായം (റോമർ 12:13), കൂടുതൽ വേഗത (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)



### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഡിസംബർ 19** ⇨ ഞങ്ങളുടെ വിവർത്തകർ, അസ്സോസിയേറ്റ് എഡിറ്റർമാർ, കോഡിനേറ്റർമാർ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഡിസംബർ 20** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ്** എന്നിവ നിർഭാഗ്യവാന്മാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി.

**ഡിസംബർ 21** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും മേലുള്ള ദൈവീക കരുണക്കായി.

**ഡിസംബർ 22** ⇨ വൈവിധ്യമായ ശുശ്രൂഷകളിലൂടെ സുവിശേഷം എത്തിച്ചേരാത്ത ആത്മാക്കളിലേക്ക് എത്തിക്കുവാൻ സഹായിക്കുന്നതിനായി.

**ഡിസംബർ 23** ⇨ ഞങ്ങളുടെ ശുശ്രൂഷക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഡിസംബർ 24** ⇨ ഞങ്ങളുടെ ജീവനക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഡിസംബർ 25** ⇨ ഈ വർഷത്തെ എല്ലാ ക്രിസ്തുമസ്സ് ആഘോഷങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഡിസംബർ 26** ⇨ നമ്മുടെ വീണ്ടെടുപ്പുകാരനും ലോകരക്ഷകനുമായ യേശുക്രിസ്തുവിന്റെ ജനനത്തിനായി.

**ഡിസംബർ 27** ⇨ നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബാംഗങ്ങളെയും എല്ലാവിധമായ ദുഷ്ടശക്തികളിൽ നിന്നും വിടുവിക്കുന്നതിനായി.

**ഡിസംബർ 28** ⇨ മുഖ്യ സഭയിലെയും ശാഖാ സഭകളിലെയും സണ്ടേസ്കൂളിന് പുതിയ കുട്ടികളെ ലഭിച്ചതിനായി.

**ഡിസംബർ 29** ⇨ ഈ വർഷം മുഴുവൻ ദൈവദാസന്മാരെ ദിവ്യ സംരക്ഷണം നൽകി അനുഗ്രഹിച്ചതിനായി.

**ഡിസംബർ 30** ⇨ ഈ വർഷം മുഴുവനുമുള്ള ക്രിസ്തീയ സംഘടനകളുടെ സുഗമമായും ഫലപ്രദവുമായി പ്രവർത്തിക്കുവാൻ സഹായിച്ചതിനായി.

**ഡിസംബർ 31** ⇨ 2025-ാം വർഷത്തിലുള്ള എല്ലാ ആവശ്യങ്ങളും ഫലപ്രദമായി നിറവേറ്റിയതിനായി.

**ജനുവരി 01** ⇨ ഞങ്ങളുടെ വായനക്കാർക്കും മറ്റെല്ലാവർക്കും സമാധാനപൂർണ്ണമായ പുതുവർഷം 2026 ആശംസിക്കുന്നു.

**ജനുവരി 02** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും കൂടുതൽ വിശ്വാസികളെ നൽകി അനുഗ്രഹിക്കുവാനായി.

**ജനുവരി 03** ⇨ എല്ലാ സഭകളെയും വിശ്വാസികളെയും 2026 ലേക്കുള്ള നല്ല വാഗ്ദാനങ്ങൾ നൽകി അനുഗ്രഹിക്കുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജനുവരി 04** ⇨ നമ്മുടെ കന്നട അസ്സോസിയേറ്റ് എഡിറ്റർ റവ. ആർ. രാമകൃഷ്ണയുടെയും ഭാര്യയുടെയും അസുഖത്തിൽനിന്നുള്ള വിടുതലിനായി.

**ജനുവരി 05** ⇨ ലോകനേതാക്കൾ ദിവ്യജ്ഞാനത്താൽ നിറയപ്പെടുവാനും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാനുമായി.

**ജനുവരി 06** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെയും നെഹെമ്യ ബൈബിൾ കോളേജിലെയും** വിദ്യാർത്ഥികളുടെ ദൈവീക സംരക്ഷണത്തിനായി.

**ജനുവരി 07** ⇨ ഞങ്ങളുടെ ശുശ്രൂഷകൾക്ക് അനുയോജ്യരായ ജീവനക്കാർക്കായി.

**ജനുവരി 08** ⇨ ക്രിസ്ത്യാനികൾ ദൈവവചനം പിന്തുടരുവാനും ക്രിസ്തുവിന്റെ സ്വഭാവം ജീവിതത്തിലൂടെ കാണിക്കുവാനും

**ജനുവരി 09** ⇨ ഈ മാസത്തെ ആവശ്യങ്ങൾ നിറവേറുവാനുള്ള ദൈവീക കരുതലിനായി.

**ജനുവരി 10** ⇨ നമ്മുടെ ശുശ്രൂഷാ പങ്കാളികളുടെയും സംസ്ഥാന കോഡിനേറ്റർമാരുടെയും പ്രവർത്തനങ്ങളുടെ വിജയത്തിനായി.

**ജനുവരി 11** ⇨ നമ്മുടെ ശുശ്രൂഷകളുടെ വികസനത്തിനും ലോകമെമ്പാടുമുള്ള സുവിശേഷീകരണത്തിനുമായി.

**ജനുവരി 12** ⇨ 2026 ൽ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തിനെയും ദൈവത്തിന്റെ ശക്തമായ കരത്തിന്റെ കാവലിലായിരിക്കുവാൻ.

**ജനുവരി 13** ⇨ ദുഷ്ടശക്തികളിൽനിന്ന് എല്ലാ സഭകളുടെയും സംരക്ഷണക്കായി.

**ജനുവരി 14** ⇨ രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും സാമ്പത്തിക വികസനത്തിനുമായി.

**ജനുവരി 15** ⇨ ലോകമെമ്പാടുമുള്ള ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സുസ്ഥിരമായ കീർത്തിക്കായി.

**ജനുവരി 16** ⇨ എല്ലാ പള്ളികളും ക്രിസ്തീയ സംഘടനകളും സർക്കാരിൽ നിയമപരമായി രജിസ്റ്റർ ചെയ്യുവാൻ.

**ജനുവരി 17** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 18** ⇨ 2026 ൽ ലോകമെമ്പാടും ആരോഗ്യം, സമാധാനം, സമൃദ്ധി എന്നിവ കളിയാടുവാൻ.

4-ാം പേജിന്റെ തുടർച്ച...

**ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കു പോലെ എനിക്കു ഭവിക്കട്ടെ എന്നു പറഞ്ഞു – ലൂക്കൊസ് 1:38.**



***നാം ദൈവത്തിന്റെ അധികാരത്തിനു കീഴടങ്ങുന്നു, എല്ലാ വാഗ്ദാനങ്ങളും നിറവേറും***

ദൈവത്തിന്റെ അധികാരത്തിന്നു നാം കീഴടങ്ങുമ്പോൾ, അവൻ പറഞ്ഞ എല്ലാ വാഗ്ദാനങ്ങളും നിറവേറും.

ഭയപ്പെടേണ്ട, സൈന്യങ്ങളുടെ കർത്താവ് നിങ്ങളുടെ മുമ്പെ പോകുന്നു. അവൻ നിങ്ങളുടെ യുദ്ധങ്ങൾ നടത്തും.

യേശുക്രിസ്തുവിനെ മുറുകെ പിടിക്കുക, അവൻ മതിയായവനാകുന്നു, യേശുവിനെ പരീക്ഷിച്ചുനോക്കുവിൻ.

### *4. നമ്മുടെ അടുത്ത ചുവടു വയ്പ് കാണിക്കുവാൻ വെളിച്ചം പ്രകാശിക്കുന്നു!*

നമ്മുടെ ഭാവിയെക്കുറിച്ച് ആശങ്ക നമുക്കു വേണ്ട, നമ്മുടെ ദൈവം വഴികാട്ടിയായ വെളിച്ചമായി കൂടെ ഉണ്ട്.

**നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു – സങ്കീർത്തനങ്ങൾ 119:105.**

ദൈവം മുഴുവൻ പാതയും നമ്മെ കാണിക്കുകയില്ല, അടുത്ത ചുവടു മാത്രം. ഒരു സമയം ഒരു ചുവടു മാത്രം.



***ദൈവം മുഴുവൻ പാതയും ഒരേസമയം വെളിപ്പെടുത്തുന്നില്ല- പക്ഷേ അവൻ എല്ലായ്പോഴും അടുത്ത ഘട്ടം കാണിക്കുന്നു.***

ജീവിതം ആശയക്കുഴപ്പത്തിൽ ആകുമ്പോഴും, എല്ലാം ഇരുണ്ടതായി തോന്നുമ്പോഴും "കർത്താവേ, എനിക്ക് ഇത് എന്തുകൊണ്ട്" എന്നു നാം സ്വയം ചോദിക്കുമ്പോഴും - ദാവീദിന്റെ വാക്കുകൾ ഓർക്കുക:

**നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും – സങ്കീർത്തനങ്ങൾ 18:28.**

നിങ്ങൾ പുതുവർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നിങ്ങളുടെ കുടുംബത്തിനും ശുശ്രൂഷയ്ക്കും തൊഴിൽ മേഖലയ്ക്കുംവേണ്ടി ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശം തേടുക.

അവനോടു ചോദിക്കുക-കാരണം അവനാണ് ഭാവി കാര്യങ്ങൾ കൈവശം വച്ചിരിക്കുന്നത്.

## യെശയ്യാവിൽ ദൈവം ഒരു വെല്ലുവിളിയാണ്!

**ഞാൻ പുരാതനമായോരു ജനത്തെ സ്ഥാപിച്ചതുമുതൽ ഞാൻ എന്നപോലെ വിളിച്ചു പറകയും പ്രസ്താവിക്കയും എനിക്കുവേണ്ടി ഒരുക്കിവെക്കയും ചെയ്യുന്നവൻ ആർ? സംഭവിക്കുന്നതും സംഭവിപ്പാനുള്ളതും അവർ പ്രസ്താവിക്കട്ടെ – യെശയ്യാവ് 44:7.**

പ്രിയ സുഹൃത്തുക്കളേ, നാം 2026-ൽ പ്രവേശിക്കുന്നതിനുമുമ്പ്, ദൈവത്തോട് തന്റെ വെളിച്ചം പ്രകാശിപ്പിക്കുവാനും നമ്മുടെ ജീവിതത്തിനും കുട്ടികൾക്കും നമ്മുടെ ഉദ്ദേശ്യത്തിനും വേണ്ടിയുള്ള വരാനിരിക്കുന്ന കാര്യങ്ങൾ അവൻ വിശ്വസ്തതയോടെ നമുക്ക് കാണിച്ചുതരും.

### *5. നമ്മെ സംരക്ഷിക്കാനും പ്രതിരോധിക്കാനും വെളിച്ചം പ്രകാശിക്കുന്നു!*

**എന്റെ ശത്രുവായവളേ, എന്നെച്ചൊല്ലി സന്തോഷിക്കരുതു; വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേല്ക്കും; ഞാൻ ഇരുട്ടത്തു ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു – മീഖാ 7:8.**

എത്ര ശക്തമായ വാഗ്ദാനം! നമ്മൾ ലജ്ജയിലോ, നിരുത്സാഹത്തിലോ, നിരാശയിലോ ഇരുന്നാലും കർത്താവ് നമ്മുടെ വെളിച്ചം ആകുന്നുവെങ്കിൽ നാം വീണ്ടും എഴുന്നേൽക്കും.

2025 നിങ്ങളുടെ ഏറ്റവും മികച്ച വർഷമായിരുന്നില്ലായിരിക്കാം. പക്ഷെ, ഓർക്കുക, ദൈവത്തിന്റെ സഹായത്തോടെ നിങ്ങൾക്ക് വീണ്ടും എഴുന്നേൽക്കാൻ കഴിയും. അവനോടു വിശ്വസ്തത പുലർത്തുകയാണെങ്കിൽ, നിങ്ങൾക്ക് എന്തു നഷ്ടപ്പെട്ടാലും ദൈവത്തിനു പുനഃസ്ഥാപിക്കുവാൻ കഴിയും.

യിസ്രായേൽ മക്കൾ രണ്ടു വശവും മലകളും പിന്നിൽ മിസ്രയീം സൈന്യവുമായി ചെങ്കടലിനു മുമ്പിൽ നിന്നപ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം അവരെ സംരക്ഷിക്കുവാൻ കൂടെയുണ്ടായിരുന്നു.

**അനന്തരം യിസ്രായേല്യരുടെ സൈന്യത്തിനു മുമ്പായി നടന്ന ദൈവദൂതൻ അവിടെനിന്നു മാറി അവരുടെ പിന്നാലെ നടന്നു; മേഘസ്തംഭവും അവരുടെ മുമ്പിൽനിന്നു മാറി അവരുടെ പിമ്പിൽ പോയി നിന്നു. രാത്രി മുഴുവനും മിസ്രയീമ്യരുടെ സൈന്യവും യിസ്രായേല്യരുടെ സൈന്യവും തമ്മിൽ അടുക്കാതവണ്ണം അതു അവയുടെ മദ്ധ്യേ വന്നു;**

9-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ കോളേജുകൾ

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

യോഗ്യത : പത്താം ക്ലാസോ അതിനു മുകളിലോ

അതിവേഗം അഡ്മിഷൻ നേടുവിൻ!

*ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം*

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2–ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ–600 005, ഇന്ത്യ
ഫോൺ : (91–44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

| | | |
|---|---|---|
| 01. | പ്രാർത്ഥന സഹായം | – 24 മണിക്കൂർ |
| 02. | വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹള, ആഫ്രിക്കൻ | |
| 03. | ബൈബിൾകോർ – പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി) | |
| 04. | തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ | – ഇംഗ്ലീഷ്, തമിഴ് |
| 05. | നെഹെമ്യ ബൈബിൾ കോളേജ് | – ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി |
| 06. | ശാഖാ സഭകൾ | – സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി |
| 07. | പരമനിയോഗ ദൗത്യ പങ്കാളികൾ | – പാസ്റ്റർമാരുടെ ചങ്ങല |
| 08. | ട്രെയിനിംഗ് പരിപാടികൾ | – സെമിനാറുകൾ, റിട്രീറ്റുകൾ |
| 09. | ക്രൂസേഡുകൾ | |
| 10. | ലഘുലേഖ വിതരണം, തുടർ നടപടികൾ | |
| 11. | സുവിശേഷ അച്ചടിശാല | – പ്രസിദ്ധീകരണങ്ങൾ |
| 12. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ | – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 13. | സണ്ടേസ്കൂൾ (ചെപ്പോക്ക്) | – ഞായർ രാവിലെ 10.30 മണി |
| | (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) | – ഞായർ വൈകുന്നേരം 3.00 മണി |
| 14. | അതിരാവിലെ ആരാധന | – ഞായർ രാവിലെ 5.30 മണി |
| 15. | പ്രാഥമിക ആരാധന | – ഞായർ രാവിലെ 8.00 മണി |
| 16. | തമിഴ് ആരാധന | – ഞായർ രാവിലെ 8.30 മണി |
| 17. | യുവജന കൂട്ടായ്മ | – ഞായർ രാവിലെ 11.00 മണി |
| 18. | ഉച്ചഭക്ഷണ കൂട്ടായ്മ | – ഞായർ ഉച്ചയ്ക്കു 1.00 മണി |
| 19. | തെലുങ്ക് ആരാധന | – ഞായർ വൈകുന്നേരം 4.00 മണി |
| 20. | ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 5.00 മണി |
| 21. | ഇംഗ്ലീഷ് – ഹിന്ദി ആരാധന | – ഞായർ വൈകുന്നേരം 6.00 മണി |
| 22. | പ്രതികരണ സമയം | – ഞായർ വൈകുന്നേരം 7.30 മണി |
| 23. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – ബുധൻ വൈകുന്നേരം 5.30 മണി |
| 24. | പുരുഷന്മാരുടെ യോഗം | – വെള്ളി വൈകുന്നേരം 7.30 മണി |
| 25. | ശിഷ്യത്വ യോഗം | – ശനി വൈകുന്നേരം 6.00 മണി |
| 26. | ഭവന കൂട്ടായ്മ | – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 27. | പ്രത്യേക കർത്തൃമേശ | – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 28. | സുവിശേഷകരുടെ അവലോകനം | – ആദ്യ ശനി വൈകുന്നേരം 6.00 മണി |
| 29. | രക്ഷിതാക്കളുടെ പ്രാർത്ഥന | – ആദ്യ ഞായർ വൈകുന്നേരം 4.00 മണി |
| 30. | രാത്രി പ്രാർത്ഥന | – മൂന്നാം വെള്ളി രാത്രി 9.30 മണി |
| 31. | ഉപവാസ പ്രാർത്ഥന | – രണ്ടാം ശനി രാവിലെ 9.30 മണി |
| 32. | കർത്തൃമേശ | – രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 33. | യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന | – ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ) |
| 34. | സ്റ്റാഫുകളുടെ ധ്യാനം | – ദിവസവും രാവിലെ 9.00 മണി |
| 35. | ഓഫീസ് | – രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.
ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ – 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് **വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | |
|---|---|
| **Account Name** | : **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : **1023 2923 805** |
| **Bank Name** | : **STATE BANK OF INDIA** |
| **Branch** | : **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : **SBIN 0000249** |
| **SWIFT Code** | : **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## മഹത്വവാനായ ദൈവം!

**രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയർപ്പിപ്പിൻ, കുഷ്ഠരോഗികളെ ശുദ്ധമാക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ; സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ** – മത്തായി 10:8

എന്റെ ആദ്യകാലം മുതൽ തന്നെ ദൈവം എന്റെ ശുശ്രൂഷാ ജീവിതത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. എന്റെ പരിമിതികൾക്കപ്പുറമായി അടിയന്തര ആവശ്യങ്ങളിൽ എന്നെ സഹായിക്കാൻ ദൈവം തന്റെ വിശുദ്ധ ദൂതന്മാരെ അയച്ചു. പല അവസരങ്ങളിലും ഞാൻ ദൈവത്തെ വിളിക്കുമ്പോഴെല്ലാം എന്റെ മേൽ വർഷിക്കപ്പെട്ട ദൈവത്തിന്റെ ശക്തി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

1993-ൽ മദ്രാസ് (ചെന്നൈ) നഗരത്തിൽ നിന്നും ഏകദേശം 35 കിലോമീറ്റർ അകലെ താമസിക്കുന്ന ശ്രീമതി റോസ്മേരി എന്ന സ്ത്രീ വർഷങ്ങളായി ദുരാത്മാവിന്റെ ആക്രമണവും ബാധയും മൂലം കഷ്ടപ്പെടുന്നു എന്നും അവൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ഒരാൾ എന്നെ വിളിച്ചുപറഞ്ഞു. അവൾക്ക് ഭക്ഷണം കഴിക്കാനോ ഉറങ്ങാനോ പോലും കഴിയുന്നില്ലായിരുന്നു. കുടുംബാംഗങ്ങളുടെ ജീവൻ അപകടപ്പെടുത്തുമെന്ന് ഭീഷണിയും മുഴക്കുമായിരുന്നു. പല തവണ ആത്മഹത്യയ്ക്കും ശ്രമിച്ചു. അവളെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടായതിനാൽ കൈകളും കാലുകളും കെട്ടി ഒരു പ്രത്യേക മുറിയിൽ ഇട്ടിരിക്കുകയായിരുന്നു.

അവളുടെ വിടുതലിനായി പ്രാർത്ഥിക്കാൻ കുടുംബാംഗങ്ങൾ എന്നെ വിളിച്ചപ്പോൾ ഞാൻ അല്പസമയം പ്രാർത്ഥനയോടെ ദൈവസന്നിധിയിൽ പ്രാർത്തനയോടെ ആയിരുന്നു മാർഗനിർദ്ദേശം തേടിയതിനുശേഷം ആ കുടുംബം താമസിക്കുന്ന സ്ഥലത്തേക്കു പോയി. അവിടേക്കുള്ള യാത്ര തുടങ്ങിയതു മുതൽ പിശാചിന്റെ എതിർപ്പ് എനിക്ക് അനുഭവപ്പെടുന്നുണ്ടായിരുന്നു. ആ സ്ഥലത്ത് എത്തുന്നതിനുമുമ്പ് തന്നെ പിശാച് എന്നെ ശാരീരികവും മാനസികവുമായി ആക്രമിച്ചു.

ഞാൻ അവളുടെ വീട്ടിൽ കയറിയ ഉടനെ തന്നെ അവളുടെ കെട്ടുകൾ അഴിച്ച് സ്വതന്ത്രയാക്കാൻ ഞാൻ ആവശ്യപ്പെട്ടു. അവളെ അഴിച്ചുവിട്ട ഉടനെ അവൾ അങ്ങോട്ടും ഇങ്ങോട്ടും ഓടാനും അസഭ്യം പറയാനും തുടങ്ങി. എന്നിൽ നിന്നും രക്ഷപ്പെടാൻ അവൾ ആഗ്രഹിക്കുന്നു എന്നു മനസ്സിലായി. ഞാൻ കർത്താവായ യേശു ക്രിസ്തുവിന്റെ വിശ്വാസിയായ യുവാവായിരുന്നുവെങ്കിലും ദുഷ്ടാത്മാവ് ബാധിച്ച വ്യക്തിയെ നേരിടാൻ എനിക്ക് പ്രത്യേക ധൈര്യവും ശക്തിയും കർത്താവ് നൽകി.



കർത്താവായ യേശു ക്രിസ്തുവിൽ പൂർണ്ണ ആശ്രയം അർപ്പിച്ചുകൊണ്ട് ഞാൻ ദുരാത്മാവിനോട് ആ സ്ത്രീയെ വിട്ടുപോകുവാൻ കല്പിച്ചു. ഉടനെ ആ സ്ത്രീയുടെ നിയന്ത്രണം വിട്ട്, ചാടി എഴുന്നേറ്റു മേൽക്കൂരയുടെ തടിയിൽ പിടിച്ച്, കാലുകൾ കൊണ്ട് ആളുകളെ ആക്രമിക്കാൻ ശ്രമിച്ചു. ആർക്കും അവളെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. എന്റെ ചുറ്റും കൂടിനിന്നവർ ഞെട്ടലോടെ എന്റെ മുഖത്തേക്കു നോക്കി. പക്ഷെ, കർത്താവായ യേശുക്രിസ്തുവിന്റെ ശക്തി എന്നിൽ അനുഭവപ്പെടുകയും ദൈവം തീർച്ചയായും ഇടപെടുമെന്ന ഉറപ്പും എനിക്കുണ്ടായി.

ഒടുവിൽ, ഞാൻ വീണ്ടും പിശാചിനോട് ആജ്ഞാപിച്ചു, "സാത്താനേ, ഇനി ഈ സ്ത്രീയെ പീഡിപ്പിക്കാൻ നിനക്ക് അധികാരമില്ല. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഇപ്പോൾ തന്നെ ഈ സ്ത്രീയെ വിട്ടുപോകാൻ ഞാൻ നിന്നോടു കല്പിക്കുന്നു. നിന്റെ വായ് അടച്ച് ഇപ്പോൾ തന്നെ ഇറങ്ങിവരാനും ഉടനെ തന്നെ ഈ സ്ത്രീയെ വിട്ടുപോകാനും യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോടു കല്പിക്കുന്നു."

ഉടനെ തന്നെ അവൾ നിലവിളിക്കുന്നതു നിറുത്തി ഒരു മൃതദേഹം വീഴുന്നതുപോലെ നിലത്തു വീണു. പിന്നെ ഞാൻ എന്റെ കരങ്ങൾ അവളുടെ തലയിൽ വച്ച് അവൾക്ക് ഒരു പുതുജീവിതം നൽകാൻ കർത്താവിനോട് അപേക്ഷിച്ചു. ഉടനെ തന്നെ അവൾക്ക് ബോധം തിരിച്ചുകിട്ടി, എല്ലാവരെയും അത്ഭുതത്തോടെ നോക്കാൻ തുടങ്ങി. അന്നുമുതൽ അവൾ പിശാചിന്റെ പിടിയിൽനിന്ന് പൂർണ്ണമായും മോചിതയായി ഒരു സാധാരണ ക്രിസ്തീയ ജീവിതം നയിക്കാൻ തുടങ്ങി.



പ്രീയരേ, അതേ യേശുക്രിസ്തു ഇപ്പോഴും ജീവിക്കുന്നു. അവൻ നമുക്കു സമീപസ്ഥനാണ്. അവന് നിങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിയും. അവനെ സ്വീകരിച്ച്, പാപങ്ങൾ ഏറ്റുപറഞ്ഞ് അനുഗമിക്കുവിൻ. അത്ഭുതങ്ങളും അടയാളങ്ങളുമായി തന്റെ വചനവുമായി കർത്താവ് എന്നെ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് കൊണ്ടുപോയി. പ്രീയ സുഹൃത്തേ, അവൻ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങളെ അനുഗ്രഹിക്കട്ടെ.

*************

6-ാം പേജിന്റെ തുടർച്ച...



***മേഘം ഒരു വശത്ത് അന്ധകാരവും മറുവശത്ത് വെളിച്ചവും കൊണ്ടുവന്നു.***

**അവർക്കു മേഘവും അന്ധകാരവും ആയിരുന്നു; ഇവർക്കോ രാത്രിയെ പ്രകാശമാക്കിക്കൊടുത്തു** - പുറപ്പാട് 14:19,20.

അഗ്നിസ്തംഭത്തിലൂടെയും മേഘസ്തംഭത്തിലൂടെയും ദൈവം തന്റെ ജനത്തിന്റെയും അവരുടെ ശത്രുക്കളുടെയും ഇടയിൽ നിന്നു അവർക്ക് വെളിച്ചവും സംരക്ഷണവും നൽകി.

ദൈവജനം സുരക്ഷിതരാകുന്നതുവരെ, രാത്രി മുഴുവനും പ്രകാശിച്ചുകൊണ്ട് ദൈവം ഫറവോന്റെ സൈന്യത്തിൽനിന്ന് അവരെ അകറ്റി നിറുത്തി സംരക്ഷിക്കുകയും ചെയ്തു.

പ്രീയ സഹോദരീ സഹോദരന്മാരേ, കർത്താവ് നിങ്ങളുടെ മുമ്പിൽ നടക്കുന്നു. അവൻ നിങ്ങളുടെ പിന്നിൽ നടക്കേണ്ടിവന്നാൽ അവൻ നിങ്ങളുടെ വളഞ്ഞ പാതകൾ നേരെയാക്കും.

ഈ സത്യം വ്യക്തമാക്കുന്ന ഒരു യഹൂദ കഥയുണ്ട്:

ഒരു പിതാവും ഇളയ മകനും ഒരു ഏകാന്തമായ പാതയിലൂടെ നടക്കുകയായിരുന്നു. ഒരു കള്ളൻ മുന്നിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പിതാവ് തന്റെ മകനെ സംരക്ഷിക്കുവാനായി പിന്നിലേക്കു വലിച്ചു. പിന്നിലൂടെ ഒരു കാട്ടുമൃഗം അടുത്തു വന്നപ്പോൾ മകനെ മുന്നിലേക്ക് മാറ്റി. രണ്ടു ദിശകളിൽനിന്നും അപകടം വന്നപ്പോൾ ആ പിതാവു മകനെ തന്റെ തോ



***പിതാവ് മകനെ തോളിലേറ്റി സുരക്ഷിത സ്ഥാനത്തേക്ക് കൊണ്ടുപോയി.***

ളിൽ വഹിച്ചു സുരക്ഷിത സ്ഥാനത്തേക്കു കൊണ്ടുപോയി.

അതുപോലെ, നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മെ സംരക്ഷിക്കുന്നു. നമ്മുടെ മുന്നിൽ എപ്പോൾ പോകണമെന്നും നമ്മുടെ പിന്നിൽ എപ്പോൾ നിൽക്കണമെന്നും നമ്മെ ചുമക്കേണ്ടതെപ്പോഴെന്നും അവനറിയാം.

ദൈവം നിങ്ങളുടെ യദ്ധങ്ങൾ നടത്തട്ടെ - അവൻ സൈന്യങ്ങളുടെ കർത്താവാണ്!

# ഉപസംഹാരം

***നമുക്കു വെളിച്ചമാകാൻ കഴിയുന്ന തരത്തിൽ വെളിച്ചം പ്രകാശിക്കുന്നു.***

ദൈവം നമ്മുടെ വെളിച്ചമാണ്. എന്നാൽ ഈ ഇരുണ്ട ലോകത്തിൽ പ്രകാശവാഹകരാകാനും അവൻ നമ്മെ വിളിക്കുന്നു.



***ഈ ഇരുണ്ട ലോകത്തിൽ വെളിച്ചം വഹിക്കാൻ അവൻ നമ്മെ വിളിക്കുന്നു.***

**നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ...** - 1 പത്രൊസ് 2:9. **അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ** - മത്തായി 5:16.

നമ്മുടെ ജീവിതം ദൈവത്തിന്റെ നന്മയെയും സത്യത്തെയും പ്രതിഫലിപ്പിക്കണം. നിങ്ങളുടെ പ്രവൃത്തികൾ നിങ്ങളുടെ വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കട്ടെ. മറ്റുള്ളവർ നിങ്ങളുടെ ദയ, പ്രവൃത്തി, സത്യസന്ധത എന്നിവയിലൂടെ ക്രിസ്തുവിനെ കാണട്ടെ.

എന്റെ പ്രീയ സുഹൃത്തുക്കളേ, 2026 എന്തായിരിക്കുമെന്ന് നിങ്ങൾക്കു അറിയില്ലായിരിക്കാം. പക്ഷെ അതു കൈവശം വച്ചിരിക്കുന്നവനെ നിങ്ങൾക്കു വിശ്വസിക്കാം.

ഭയപ്പെടേണ്ട! നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തിന്റെ വെളിച്ചം പ്രകാശിക്കട്ടെ.

**നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ...** - മത്തായി 6:34.

ഇന്ന് നിങ്ങളുടെ ഭാരങ്ങൾ എന്തുതന്നെയായാലും ഓർമ്മിക്കുക: ലോകത്തിന്റെ വെളിച്ചമായ യേശുവിന്, എല്ലാ ഭയത്തിലൂടെയും അനശ്ചിതത്വത്തിലൂടെയും പ്രകാശിക്കാൻ കഴിയും.

അവന്റെ വെളിച്ചം നിങ്ങളുടെ ഇരുട്ടിനെക്കാൾ ശക്തമാണ്. അവന്റെ സമാധാനം നിങ്ങളുടെ കഷ്ടതകളെക്കാൾ വലിയതാണ്. അവന്റെ ശക്തി ഏതൊരു എതിർപ്പിനെക്കാളും വലിയതാണ്.

**നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു** - സങ്കീർത്തനങ്ങൾ 36:9.

***********

**അറിയിപ്പ്**

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## Echo of His Call

**YouTube**
Please subscribe

Kindly view and subscribe our Echo of His Call YouTube Channel when you get time. Thanks.
- Editor

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

### 2. Bank : ICICI Bank

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

**Google Pay: 98410 71858**
**PayPal : SAM SELVA RAJ**
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/– രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/– രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനിയുടെ** വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th DECEMBER 2025.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**